**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5133** **02-11-2021 - ൽ മറുപടിയ്ക്ക്**

**കൃഷി ഓഫീസർ/കൃഷി അസിസ്റ്റന്റ് ഒഴിവുകൾ നികത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷിഭവനുകളിൽ കൃഷി ഓഫീസർമാരുടെയും കൃഷി അസിസ്റ്റന്റുമാരുടെയും ഒഴിവുകൾ നികത്താത്തത് കാരണം കർഷകർക്കും പൊതുജനങ്ങൾക്കുമുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ വിവധ കൃഷി ഭവനുകളിലായുള്ള കൃഷി ഓഫീസർമാരുടെ 112 ഒഴിവുകൾ പി.എസ്. സി. യ്ക്ക് റിപ്പോർട്ടു ചെയ്യുകയും റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ പ്രസ്തുത ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. യിൽ നിന്നുള്ള നിയമന ശുപാർശ ലഭ്യമാകുന്ന മുറയ്ക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | കൃഷിഭവനുകളിൽ കൃഷി ഓഫീസർമാരുടെയും കൃഷി അസിസ്റ്റന്റുമാരുടെയും എത്ര ഒഴിവുകൾ നിലവിലുണ്ടെന്നതിന്റെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) | കൃഷി ഓഫീസർമാരുടെ 112 ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നടത്തി നികത്തിയിട്ടുണ്ട്. കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ ജില്ല തിരിച്ച് ചുവടെ കൊടുത്തിരിക്കുന്നു. പത്തനംതിട്ട-2 ആലപ്പുഴ-4 കോട്ടയം-4 ഇടുക്കി-13 എറണാകുളം-36 തൃശ്ശൂർ-38 പാലക്കാട്-2 മലപ്പുറം-12 കോഴിക്കോട്-57 വയനാട്-1 കണ്ണൂർ-55 കാസറഗോഡ്-1 |
| (സി) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കൂത്തുപറമ്പ്, പെരിങ്ങളം, കുന്നോത്ത് പറമ്പ്, കോട്ടയം മലബാർ, തൃപ്രങ്ങോട്ടൂർ എന്നീ കൃഷി ഭവനുകളിൽ കൃഷി ഓഫീസർമാരെ നിയമിക്കുന്നതിന് നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി) | കൂത്തുപറമ്പ്, പെരിങ്ങളം , കുന്നോത്ത് പറമ്പ്, കോട്ടയം മലബാർ, തൃപ്രങ്ങോട്ടൂർ എന്നീ കൃഷി ഭവനുകളിൽ കൃഷി ഓഫീസർമാരുടെ ഒഴിവുകൾ നികത്തിയിട്ടുണ്ട് . പെരിങ്ങളം കൃഷിഭവനിലെ കൃഷി ഓഫീസർ മാതൃത്വ അവധിയിലായതിനാൽ അഡീഷണൽ ചാർജ് ചൊക്ലി കൃഷി ഓഫീസർക്ക് നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത മണ്ഡലത്തിൽ നിലവിലുള്ള പതിനൊന്ന് ഒഴിവുകളിൽ കൃഷി അസിസ്റ്റന്റുമാരെ നിയമിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (ഡി) | കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി യിൽ നിന്നുള്ള നിയമന ശുപാർശ പ്രകാരം തൃപ്പങ്ങോട്ടൂർ കൃഷിഭവനിൽ ഒരു കൃഷി അസിസ്റ്റന്റിനെ നിയമിച്ചിട്ടുണ്ട് . |

| | | | |
|---|---|---|---|
| (ഇ) | കണ്ണൂർ ജില്ലയിൽ രണ്ട് വർഷമായി ഒഴിഞ്ഞുകിടക്കുന്ന കൃഷി ഓഫീസർമാരുടെയും കൃഷി അസിസ്റ്റന്റുമാരുടെയും ഒഴിവുകൾ നികത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ? | (ഇ) | കണ്ണൂർ ജില്ലയിലെ പൂഴാതി, മട്ടന്നൂർ, ഉദയഗിരി, പള്ളിക്കുന്ന്, ചിറ്റാരിപ്പറമ്പ്, പെരളശ്ശേരി, തളിപ്പറമ്പ്, വളപട്ടണം, മാലൂർ, എന്നീ കൃഷിഭവനുകളിൽ കൃഷി ഓഫീസർ തസ്തികയിലെ ഒഴിവുകൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേനയും പട്ടുവം, ചെറുകുന്ന്, നാറാത്ത കൃഷിഭവനുകളിൽ സ്ഥാനക്കയറ്റം നൽകിയും ഒഴിവുകൾ നികത്തിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ഒഴിവുള്ള മറ്റ് കൃഷിഭവനുകളിലേക്ക് കൃഷി ഓഫീസർമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ/സ്ഥലം മാറ്റത്തിലൂടെയോ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൃഷി അസിസ്റ്റന്റ് തസ്തികയിലേക്കുള്ള ഒഴിവുകളെല്ലാം പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി യിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് കൃഷി അസ്സിസ്റ്റന്റുമാരെ ഒഴിവുള്ള തസ്തികകളിലേക്ക് നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ